(എ) നാഷണൽ ഹൈവേയിൽ സൈൻബോർഡുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്ര നിർദ്ദേശം എന്തെല്ലാമാണ്;

(ബി) 1998-ൽ നാഷണൽ ഹൈവേയിലോ മറ്റെങ്കിലും റോഡുകളിലോ സൈൻ ബോർഡ് സ്ഥാപിക്കുന്നതിന് അന്നത്തെ ചീഫ് എഞ്ചിനീയർ എത്രപേർക്കാണ് അനുമതി നൽകിയതെന്നും ആർക്കെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) എത്ര സൈൻബോർഡുവയ്ക്കാൻ എന്തെല്ലാം വ്യവസ്ഥകളനുസരിച്ചാണ് അനുമതി നൽകിയത്; ഈയിനത്തിൽ ഗവൺമെൻറിന് എന്തു തുക കിട്ടി;

(ഡി) റോഡിൽ വയ്ക്കുന്ന സൈൻ ബോർഡുകളുടെ എണ്ണം കൂട്ടിയിട്ടുണ്ടോ; എങ്കിൽ എത്രയായാണ് വർദ്ധിപ്പിച്ചത്; എത്ര കാലത്തേക്കാണ് ഈ അനുമതി നൽകിയത്;

(ഇ) പിന്നീട് ഈ കാലയളവ് വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ എത്രയായി വർദ്ധിപ്പിച്ചു; ഈ സൈൻബോർഡ് വയ്ക്കാനനുമതി ലഭിച്ചയാൾ അവയിൽ പരസ്യം പതിക്കുന്നതിന് ചാർജ്ജ് ഈടാക്കിയിരുന്നുവോ; എങ്കിൽ ഇപ്പോഴും പ്രസ്തുത വ്യക്തി സൈൻബോർഡുകൾ വയ്ക്കുന്നുണ്ടോ; ഈയിനത്തിൽ ഗവൺമെൻറിന് എന്തെങ്കിലും നഷ്ടമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിലെത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധം 'എ' ആയി ചേർത്തിട്ടുണ്ട്. †

(ബി) 1998-ൽ ദേശീയപാതയിൽ ഗ്യാൻട്രി സൈൻബോർഡ് സ്ഥാപിക്കുന്നതിന് കൊച്ചിയിലെ M/s Padiyath Diary എന്ന സ്ഥാപനത്തിന് അനുവാദം നൽകിയിട്ടുണ്ട്.

(സി) ദേശീയപാതയിൽ 15 ഗ്യാൻട്രി സൈൻബോർഡുകൾ സ്ഥാപിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച വ്യവസ്ഥകൾ അനുബന്ധം 'ബി' ആയി ചേർത്തിട്ടുണ്ട്. † ഈയിനത്തിൽ ഗവൺമെൻറിന് തുകയൊന്നും ലഭിച്ചിട്ടില്ല.

(ഡി ആൻറ് ഇ) ഉണ്ട്. 1999-ൽ സൈൻബോർഡുകളുടെ എണ്ണം 75 ആയി കൂട്ടിയിട്ടുണ്ട്. ഇതിൻറെ കാലാവധി 5 വർഷത്തിൽ നിന്നും 30 വർഷമായി വർദ്ധിപ്പിക്കുകയുണ്ടായി. സൈൻബോർഡ് സ്ഥാപിക്കുവാൻ അനുമതി ലഭിച്ചയാൾ അതിൽ പരസ്യം പതിക്കുന്നതിന് ചാർജ്ജ് ഈടാക്കിയതായി അറിവില്ല. ഇപ്പോൾ പ്രസ്തുത വ്യക്തി 16 ഗ്യാൻട്രി സൈൻബോർഡുകൾ മാത്രമാണ് എൻ.എച്ച്..-ൽ സ്ഥാപിച്ചിട്ടുള്ളത്. ഈയിനത്തിൽ ഗവൺമെൻറിന് നഷ്ടമുള്ളതായി കരുതുന്നില്ല.

പൂർത്തിയാക്കപ്പെടാത്ത റോഡുകളും പാലങ്ങളും കെട്ടിടങ്ങളും

126 [1472] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിൽ 2001 മാർച്ച് മാസത്തിനു മുമ്പ് നിർമ്മാണമാരംഭിച്ചവയും എന്നാൽ ഇപ്പോഴും പൂർത്തിയാക്കപ്പെടാത്തതുമായ റോഡുകളുടെയും പാലങ്ങളുടെയും കെട്ടിടങ്ങളുടെയും വിശദാംശങ്ങൾ ജില്ല തിരിച്ച്, ഇതുവരെ ചെലവഴിച്ച തുക ഉൾപ്പെടെ വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണാനുമതി നൽകി പ്രവർത്തനമാരംഭിച്ച റോഡുകളും പാലങ്ങളും കെട്ടിടങ്ങളും ഏതെല്ലാമാണെന്നും അവയ്ക്ക് ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും പറയാമോ;

(സി) വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തത് ജനങ്ങൾക്ക് സാമ്പത്തിക നഷ്ടത്തിന് കാരണമാകും എന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ പഴയ പദ്ധതികൾ ഇനിയും പൂർത്തിയാക്കാതിരിക്കുന്നവ ഏതെല്ലാമാണെന്ന് പരിശോധിച്ച് അവ അടിയന്തിര പ്രാധാന്യത്തോടെ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ദേശീയപാതാ വിഭാഗത്തിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു:

(i) അഴൂർക്കടവ് പാലം—തിരുവനന്തപുരം ജില്ല—545.30 ലക്ഷം

(ii) മണ്ണന്തല—കേശവദാസപുരം ഒന്നാം റീച്ച്—തിരുവനന്തപുരം ജില്ല—55.49 ലക്ഷം.

(iii) മണ്ണന്തല—കേശവദാസപുരം രണ്ടാം റീച്ച്—തിരുവനന്തപുരം ജില്ല—57.60 ലക്ഷം.

(iv) ഹരിപ്പാട്—വീയാപുരം റോഡ്—ആലപ്പുഴ ജില്ല—123.93 ലക്ഷം.

(v) കടപ്പുറം—വീയാപുരം റോഡ്—ആലപ്പുഴ ജില്ല—158.65 ലക്ഷം

(vi) എരപ്പുഴക്കടവ് പാലം—ആലപ്പുഴ ജില്ല—5.64 ലക്ഷം.

(vii) കുളനട—ആറൻമുള റോഡ്—ആലപ്പുഴ ജില്ല—180.47 ലക്ഷം.

കെട്ടിട വിഭാഗത്തെ സംബന്ധിച്ചും പാതകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതാണ്.

(ബി) ചാക്ക പാലം മുതൽ ചാക്ക ജംഗ്ഷൻ വരെ സമാന്തര റോഡു നിർമ്മാണം—തിരുവനന്തപുരം ജില്ല—0.00 ലക്ഷം.

(i) എൻ. എച്ച്. 47-ൽ കി. മീ. 557 മുതൽ കി. മീ. 574 വരെയും തിരുവനന്തപുരം ബൈപാസ് കി. മീ. 0/000 മുതൽ കി. മീ. 22/633 വരെ—തിരുവനന്തപുരം ജില്ല—0.00 ലക്ഷം.

(ii) എൻ. എച്ച്. 17-ൽ കുളങ്ങര കവല വെസ്റ്റ്ഹിൽ അപകട മേഖല ഒഴിവാക്കുവാൻ—കോഴിക്കോട് ജില്ല—0.00 ലക്ഷം

(iii) കേശവദാസപുരം ചൈതന്യ ഹോസ്പിറ്റൽ മുതൽ കേശവദാസപുരം മസ്ജിദുവരെ വീതികൂട്ടൽ—തിരുവനന്തപുരം ജില്ല—0.00 ലക്ഷം.

(iv) കുറ്റിപ്പുറം—പുതുപൊന്നാനി റോഡിൽ ചെയിനേജ് 11/276 മുതൽ 11/376 വരെ റീടെയിനിംഗ് വാൾ നിർമ്മാണം—തൃശ്ശൂർ ജില്ല—0.00 ലക്ഷം.

(v) തമ്പാനൂർ ബ്രിഡ്ജ് നിർമ്മാണം—തിരുവനന്തപുരം ജില്ല—106 ലക്ഷം.

(സി) കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പഴയ പദ്ധതികൾ ഇനിയും പൂർത്തിയാകാതിരിക്കുന്നവ അടിയന്തിര പ്രാധാന്യത്തോടെ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

എം. സി. റോഡിന്റെ നവീകരണത്തിനായുള്ള കെ. എസ്. ടി. പി. രണ്ടാംഘട്ട പണികൾ

127 [1473] ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. സി. റോഡിന്റെ നവീകരണത്തിനായുള്ള കെ. എസ്. ടി. പി. രണ്ടാംഘട്ട പണികൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള ബൈപ്പാസ് റോഡുകൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് കഴിഞ്ഞോ എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ജോലികൾ അടിയന്തിരമായി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലോകബാങ്കിന്റെ അംഗീകാരത്തിനായി കരാറുകൾ സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം കിട്ടുന്ന മുറയ്ക്ക് ആരംഭിക്കുവാൻ കഴിയും.

(ബി) സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പുരോഗതിയിലാണ്.

(സി) സ്വീകരിച്ചിട്ടുണ്ട്.

സെൻട്രൽ റോഡ് ഫണ്ട്

128 [1475] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ടിൽനിന്നും നടപ്പുവർഷം സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ ഫണ്ട് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ ഇനത്തിൽ കഴിഞ്ഞ വർഷം ലഭ്യമായ തുകയിൽനിന്ന് ഈ വർഷം വർദ്ധന ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) പ്രസ്തുത തുക ഏതൊക്കെ റോഡുകളുടെ നിർമ്മാണത്തിനാണ് വിനിയോഗിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) ഈ റോഡുകളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly